"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - ബഹു.കേരള ഹൈക്കോടതിയുടെ 07/07/2021ലെ WP(C)8952/2021ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1378/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 16/10/2021

---

പരാമർശം:-

1. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ 31/01/2020ലെ KSHEC-A7/705/M1/Drct/2021 (upper age limit).നമ്പർ കത്ത്
2. റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ സെക്രട്ടറി ഡോ.മാർട്ടിൻ ജി.ഡി യുടെ അപേക്ഷ
3. ബഹു.കേരള ഹൈക്കോടതിയുടെ 07/07/2021-ലെ WP(C)8952/2021ലെ വിധി.

**ഉത്തരവ്**

സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നേരിട്ടുള്ള നിയമനത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയായ 40 വയസും പ്രൊഫസർ തസ്തികക്ക് നിശ്ചയിച്ചിരിക്കുന്ന 50 വയസും ഒഴിവാക്കുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാർ മുമ്പാകെ പരാമർശം 1 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശ നടപ്പാക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ പരാമർശം 2 പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഈ ആവശ്യം ഉന്നയിച്ചു കൊണ്ട് റിസർച്ച് സ്കോളേഴ്സ് അസോസയേഷൻ കൺവീനർ ഡോ. മാർട്ടിൻ ജി ഡി, ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)8952/2021 കേസിൽ കക്ഷികളുടെ നിവേദനം പരിശോധിച്ച് രണ്ട് മാസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതിന് ബഹു.ഹൈക്കോടതി പരാമർശം 3 പ്രകാരം സർക്കാരിനോട് നിർദേശം നല്കുകയുമുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിലവിലെ സാഹചര്യത്തിൽ കേരളത്തിലെ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ ഉദ്യോഗാർത്ഥികളുടെ ദൗർലഭ്യം ഉള്ളതായോ അത് കാരണം തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതായോ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നേരിട്ടുള്ള നിയമനത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയായ 40 വയസും പ്രൊഫസർ തസ്തികക്ക് നിശ്ചയിച്ചിരിക്കുന്ന 50 വയസും ഒഴിവാക്കുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന ശുപാർശ പരിഗണിക്കേണ്ടതില്ലാത്തതിനാൽ ആയതു നിരസിച്ച് കൊണ്ട്

ഉത്തരവാകുന്നു.

ഇപ്രകാരം ബഹു. ഹൈക്കോടതിയുടെ മേൽ പരാമർശിച്ചിരിക്കുന്ന വിധിന്യായം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കോപ്പി:-

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

രജിസ്ട്രാർ, യൂണിവേഴ്സിറ്റി, കേരള/എം.ജി/കാലിക്കറ്റ്/കുസാറ്റ്/കണ്ണൂർ/മലയാളം/ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി

ഡോ. മാർട്ടിൻ ജി.ഡി, റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ, Near സെൻട്രൽ പോലീസ് സ്റ്റേഷൻ, കോമ്പാറ ജംഗ്ഷൻ, കൊച്ചി -18

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), (ആഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

www.highereducation.kerala.gov.in

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ